Vol 04 Issue 04
April-June 2013

FROM THE HOUSE OF ESAF

# LAHANTI

...means development in Santhali, the language of an underdeveloped tribal group in Eastern India.

# 'എന്റെ' സത്യം

**'സത്യത്തെ ഒരു അതിഥിയെപ്പോലെ ഇന്ന് അംഗീകരിക്കുന്നില്ലെങ്കിൽ, ഒരു പോരാളിയെ പ്പോലെ അതൊരുനാൾ നമ്മെ കീഴടക്കും.'**



"പാഷൻ ഓഫ് ദ ക്രൈസ്റ്റ്" എന്ന ചലച്ചിത്രം ലോക പ്രസിദ്ധമാണല്ലോ. അതിൽ റോമൻ ഭരണാധികാരിയായ പീലാത്തോസ് നിരപരാധിയായ ക്രിസ്തുവിനെ കുരിശിൽ തൂക്കുവാൻ വിധിച്ച ശേഷം തന്റെ ഭാര്യയോട് ഇപ്രകാരം പറയുന്നു: "ഇതാണ് എന്റെ സത്യം". സത്യവിരുദ്ധമായ ഒരു വിധി പ്രസ്താവിച്ച ശേഷം അത് 'തന്റെ' സത്യമാണെന്ന് താൻ അവകാശപ്പെടുന്നു! ലോകം കണ്ട ഏറ്റവും വലിയ തെറ്റ് പീലാത്തോസിന് 'ശരി'യായിരുന്നു. ഒരു കാര്യം ഒരെസമയത്ത് ഒരാൾക്ക് ശരിയും മറ്റൊരാൾക്ക് തെറ്റുമാകാമോ?

ഒരാൾ ഒരുകാര്യം വിശ്വസിക്കുന്നുവെങ്കിൽ അത് അയാൾക്ക് സത്യമാണെന്നും മറ്റൊരാൾക്ക് അത് അസത്യമാകാമെന്നും ചിന്തിക്കുന്നവരുണ്ട്. അതായത് വ്യക്തിനിഷ്ഠമായ ധാരണകളനുസരിച്ച് സത്യം അസത്യമായിത്തീരാം!

ആധുനിക കാലഘട്ടത്തിൽ ജർമ്മൻ തത്വചിന്തകനായ ഫ്രെഡറിക് നീഷയാണ് ഇത്തരത്തിലുള്ള ഒരു ചിന്താധാരയ്ക്ക് തുടക്കമിട്ടത്. പ്രായോഗിക ഉദ്ദേശ്യനിവർത്തിക്കായി സമൂഹം ചിട്ടപ്പെടുത്തിയിരുന്ന ധാരണകളായാണ് അദ്ദേഹം സത്യത്തെ നിർവചിച്ചത്. അതായത് പ്രായോഗികമായി പ്രയോജനകരമായത് എന്താണോ അതാണ് സത്യം.

സത്യമെന്ന് ഉറപ്പില്ലാത്തവയെ സത്യമാക്കുവാനുള്ള മനുഷ്യന്റെ ത്വരയാണ് ഇത്തരത്തിൽ സത്യത്തെ നിർവചിക്കുവാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നത്. ധാരണകൾക്കും ഇഷ്ടാനിഷ്ടാനങ്ങൾക്കും വിശ്വാസപ്രമാണങ്ങൾക്കുമൊന്നും 'സത്യ'മെന്ന പേർ യോജിക്കുന്നതല്ല. ഭൂമി ഉരുണ്ടതാണ് എന്ന പ്രസ്താവന ഒന്നുകിൽ സത്യമോ അല്ലെങ്കിൽ അസത്യമോ ആണ്. ഒരു കാര്യത്തെക്കുറിച്ചുള്ള അഭിപ്രായങ്ങളും ധാരണകളും വ്യത്യസ്തമാകാം. എന്നാൽ സത്യം ഒന്നു മാത്രമേയുള്ളു.

യഥാർത്ഥിലുള്ളതെന്തോ അത് അങ്ങനെതന്നെ അറിയുന്നതും പ്രസ്താവിക്കുന്നതുമാണ് സത്യം. (Truth is that which corresponds to reality) ഒരാൾ ഒരു കസേരയിലിരിക്കുമ്പോൾ ആ കസേരയുടെ കാൽ ഒടിഞ്ഞ് താൻ താഴെ വീഴുകയില്ല എന്ന വിശ്വാസത്തോടുകൂടിയായിരിക്കും അതിലിരിക്കുന്നത്. എന്നാൽ അയാളുടെ വിശ്വാസമല്ല, കസേരയുടെ ബലമാണ് അയാൾ താഴെ വീഴാതിരിക്കുവാൻ കാരണമാകുന്നത്. വിശ്വാസമല്ല, യാഥാർത്ഥ്യമാണ് പ്രധാനം. ആ യാഥാർത്ഥ്യമാണ് സത്യം.

സത്യം അന്വേഷിച്ച് കണ്ടെത്താനും അത് അംഗീകരിക്കുവാനുമാണ് നാം ധൈര്യം കാണിക്കേണ്ടത്. പുതിയ നിർവചനങ്ങളുണ്ടാക്കി സത്യത്തിൽ നിന്നും ഒളിച്ചോടുവാൻ ശ്രമിച്ചാൽ ആത്യന്തികമായി അത് നാശത്തിൽ കലാശിക്കും. മഹാകവി ടാഗോർ ഇപ്രകാരം പറഞ്ഞു. 'സത്യത്തെ ഒരു അതിഥിയെപ്പോലെ ഇന്ന് അംഗീകരിക്കുന്നില്ലെങ്കിൽ, ഒരു പോരാളിയെപ്പോലെ അതൊരുനാൾ നമ്മെ കീഴടക്കും.'

**ജേക്കബ് സാമുവൽ**
ഡയറക്ടർ, പ്രോഗ്രാംസ്

## ലോകബാങ്ക് ഇസാഫിനെ തെരെഞ്ഞെടുത്തു

തൃശ്ശൂർ: പാരമ്പര്യേതര ശ്രോതസ്സുകൾ ഉപയോഗിച്ചുകൊണ്ടുള്ള ഊർജ്ജ പരിഹാര പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഒരു ലക്ഷം ഡോളർ സഹായധനം നൽകുന്നതിന് ലോക ബാങ്ക് ഇസാഫ് മൈക്രോഫിനാൻസിനെ തെരെഞ്ഞെടുത്തു. ഇതിനായി അപേക്ഷ സമർപ്പിച്ചിരുന്ന ഇരുന്നൂറോളം സംഘടനകളിൽ നിന്നാണ് ഇസാഫ് തെരെഞ്ഞെടുക്കപ്പെട്ടത്.

ലോകബാങ്കിനെപ്പോലെയുള്ള ഒരു അന്തർദേശീയ സംഘടനയാൽ തെരെഞ്ഞെടുക്കപ്പെട്ടത് അഭിമാനാർഹമായ നേട്ടമാണെന്നും ഇത് സുസ്ഥിര വികസനത്തിലൂന്നിയുള്ള ഇസാഫിന്റെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി കണക്കാക്കുന്നുവെന്നും ഇസാഫ് മൈക്രോഫിനാൻസ് മാനേജിങ്ങ് ഡയറക്ടർ കെ.പോൾ തോമസ് പറഞ്ഞു. മദ്ധ്യപ്രദേശ്, ചത്തീസ്ഗഢ്, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ ചെറുകിടവായ്പാപദ്ധതിയുടെ സഹായത്തോടെ പാരമ്പര്യേതര ശ്രോതസ്സുകൾ ഉപയോഗിച്ച് ഊർജ്ജ പരിഹാരപദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ഈ സഹായധനം ലഭിച്ചത്.

## ലോക ആരോഗ്യ ദിനാചരണം

മണ്ണുത്തി: മാർച്ച് 7-ലോകാരോഗ്യദിനത്തോടനുബന്ധിച്ച് ഇസാഫ് എസ്.എച്ച്.ജി ഫെഡറേഷന്റെയും ഇസാഫ് ഹെൽത്ത് കെയറിന്റെയും കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ ആരോഗ്യ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. ഡോ. രാജീവ് ടി.എസ് (പ്രൊഫസർ, കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റി) പരിപാടി ഉദ്ഘാടനം ചെയ്തു. ഇസാഫ് എസ്.എച്ച്.ജി ഫെഡറേഷൻ മാനേജർ അംബിക സോമൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഇസാഫ് മെഡിക്കൽ സെന്റർ കൺസൾട്ടന്റ് ഡോ. തോമസ് സഖറിയ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

കേരള സർക്കാർ നടപ്പാക്കുന്ന ശുദ്ധജല വിതരണ ശുചിത്വ പദ്ധതി

## ജലനിധി പദ്ധതി: ഇസാഫ് സഹായസംഘടന

കണ്ണൂർ: ജലനിധിപദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനത്തിന് ഇസാഫിനെ സഹായസംഘടനയായി സംസ്ഥാന ഗവൺമെന്റ് തെരെഞ്ഞെടുത്തു. കണ്ണൂർ ജില്ലയിലെ കുറ്റ്യാട്ടൂർ പഞ്ചായത്തിലാണ് ഇസാഫ് ജലനിധി പദ്ധതി നടപ്പിലാക്കുന്നത്.

## ആഗോള റോഡ് സുരക്ഷാ വാരം: ഇസാഫ് പോസ്റ്റർ പ്രകാശനം ചെയ്തു

തൃശ്ശൂർ: ആഗോള റോഡ് സുരക്ഷാവാരത്തോടനുബന്ധിച്ച് കാൽനടയാത്രക്കാരുടെ സുരക്ഷ പ്രമേയമാക്കി ഇസാഫ് ലിവബിൾ സിറ്റി നെറ്റ്വർക്ക് തയ്യാറാക്കിയ റോഡ് സുരക്ഷാബോധവൽക്കരണ പോസ്റ്റർ തൃശ്ശൂർ ജില്ലാ കളക്ടർ പി.എം. ഫ്രാൻസിസ്, പ്രൊജക്ട് ഡയറക്ടർ ജേക്കബ് സാമുവലിന് നൽകി പ്രകാശനം ചെയ്തു. ലോക ആരോഗ്യസംഘടനയുടെ കണക്കുകൾ പ്രകാരം പ്രതിവർഷം മൂന്ന് ലക്ഷത്തോളം കാൽനടയാത്രക്കാരാണ് റോഡ് അപകടങ്ങളിൽ മരണമടയുന്നത്. ഈ സാഹചര്യത്തിൽ ഇത്തരത്തിലുള്ള ബോധവൽക്കരണ പ്രചാരണങ്ങൾ അനിവാര്യമാണെന്ന് പി.എം. ഫ്രാൻസിസ് അഭിപ്രായപ്പെട്ടു. റോഡ് സുരക്ഷാവാരത്തോടനുബന്ധിച്ച് ഡ്രൈവർമാർക്ക് ട്രാഫിക് ബോധവൽക്കരണ ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തു.



*റോഡ് സുരക്ഷാ പോസ്റ്റർ തൃശ്ശൂർ കളക്ടർ പി.എം.ഫ്രാൻസിസ് ജേക്കബ് സാമുവലിന് നൽകി ഉദ്ഘാടനം ചെയ്യുന്നു*

ഇസാഫ് ലിവബിൾ സിറ്റി നെറ്റ്വർക്കിനെക്കുറിച്ച് കൂടുതലറിയാൻ സന്ദർശിക്കുക:
www.livablecitythrissur.wordpress.com

## 'ഇസാഫ് ആരോഗ്യശ്രീ' പദ്ധതിക്ക് തുടക്കമായി



*കെ.എൻ ബാലഗോപാൽ ഹെൽത്ത് കാർഡ് വിതരണം ഉദ്ഘാടനം ചെയ്യുന്നു. ജേക്കബ് സാമുവൽ, ജോണി ജോസഫ് എന്നിവർ സമീപം*

കൊല്ലം: ഇസാഫ് എസ്.എച്ച്.ജി ഫെഡറേഷന്റെയും കൊല്ലം അഷ്ടമുടി ആശുപത്രിയുടേയും സഹകരണത്തോടെ ഇസാഫ് ആരോഗ്യശ്രീ

പദ്ധതി ആരംഭിച്ചു. ഇസാഫ് സംഘാംഗങ്ങൾക്ക് കുറഞ്ഞ ചെലവിൽ മികച്ച ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യവുമായാണ് ഈ പദ്ധതി ആരംഭിച്ചിരിക്കുന്നത്. കൊല്ലം അഷ്ടമുടി ആശുപത്രിയിൽ സംഘടിപ്പിച്ച പരിപാടി രാജ്യസഭ എം.പി., കെ.എൻ.ബാലഗോപാൽ ഉദ്ഘാടനം ചെയ്തു. തൃക്കോവിൽവട്ടം പഞ്ചായത്ത് പ്രസിഡണ്ട് പ്രൊഫ. കോശി പി. മാത്യു അദ്ധ്യക്ഷതവഹിച്ചു. അഷ്ടമുടി ആശുപത്രി ചെയർമാൻ ഡോ.ജേക്കബ് ജോൺ, ഇസാഫ് ഹെൽത്ത്കെയർ ഡയറക്ടർ ജേക്കബ് സാമുവൽ, ഇസാഫ് ബിസിനസ്സ് ഡെവലപ്പ്മെന്റ് & മാർക്കറ്റിങ്ങ് ഹെഡ് ജോണി ജോസഫ് എന്നിവർ പ്രസംഗിച്ചു.

## ഇസാഫ് പരിസ്ഥിതിദിനം ആചരിച്ചു



*കേന്ദ്ര ഓഫീസിൽ നടന്ന വൃക്ഷത്തൈ വിതരണത്തിന് ക്രിസ്തുദാസ് കെ.വി നേതൃത്വം നൽകുന്നു*

മണ്ണുത്തി: ലോക പരിസ്ഥിതി ദിനാചരണത്തിൽ ഇസാഫും പങ്കുചേർന്നു. ഇസാഫ് എസ്.എച്ച്.ജി ഫെഡറേഷൻ ഇസാഫ് കേന്ദ്ര ഓഫീസിൽ സംഘടിപ്പിച്ച പരിപാടിയിൽ ഇസാഫിന്റെ പ്രകൃതിവിഭവസംരക്ഷണ വിഭാഗം ഡയറക്ടർ ക്രിസ്തുദാസ് കെ.വി, ഇസാഫ് ഡയറക്ടർ ജേക്കബ് സാമുവൽ, കൊച്ചിൻ യൂണിവേഴ്സിറ്റി ഗവേഷണ വിദ്യാർത്ഥി മനു മെൽവിൻ ജോയ് എന്നിവർ പ്രസംഗിച്ചു. സംസ്ഥാന വനംവകുപ്പിന്റെ സഹകരണത്തോടെ തൃശ്ശൂർ സെന്റ് എലിസബേത്ത്സ്, അരൂർ സെന്റ് അഗസ്റ്റിൻസ് എന്നീ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് വൃക്ഷത്തൈകൾ വിതരണം ചെയ്തു. കൊടുങ്ങല്ലൂർ, പഴയന്നൂർ, പുതുനഗരം, ഒറ്റപ്പാലം, ചേർപ്പ്, കോതമംഗലം, ഇടുക്കി, അരൂർ, കുണ്ടുകാട് എന്നീ ബ്രാഞ്ചുകളിൽ പരിസ്ഥിതിബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും വൃക്ഷത്തൈകളും പച്ചക്കറി വിത്തുകളും വിതരണം ചെയ്യുകയും ചെയ്തു.

## പഠനോപകരണങ്ങൾ വിതരണം ചെയ്തു

കൊല്ലം: ഇസാഫ് കരുനാഗപ്പിള്ളി ബ്രാഞ്ചിന്റെയും ഇസാഫ് എസ്.എച്ച്.ജി ഫെഡറേഷന്റെയും ആഭിമുഖ്യത്തിൽ നിർധനരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. ഇസാഫ് ഡയറക്ടർ ജേക്കബ് സാമുവൽ പരിപാടി ഉദ്ഘാടനം ചെയ്തു.

കോഴിക്കോട്: ബാലുശ്ശേരി ബ്രാഞ്ചിന്റെയും ഇസാഫ് എസ്.എച്ച്.ജി ഫെഡറേഷന്റെയും ആഭിമുഖ്യത്തിൽ നിർധനരായ നൂറോളം വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. കാക്കൂർ പഞ്ചായത്ത് പ്രസിഡണ്ട് വി.കെ. മോഹനൻ പരിപാടി ഉദ്ഘാടനം ചെയ്തു. സംഘാംഗങ്ങൾക്കായി സാമ്പത്തിക സാക്ഷരത പരിപാടിയും സംഘടിപ്പിച്ചിരുന്നു. ഡി.ജി.എം കേരള ഓപ്പറേഷൻസ് സൈബു കെ.എ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.



*വി.കെ. മോഹനൻ പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നു.*



*തിരുവല്ല ബ്രാഞ്ചിൽ നടന്ന പഠനോപകരണവിതരണം*

കോട്ടയം: തിരുവല്ല ബ്രാഞ്ചിന്റെയും ഇസാഫ് എസ്.എച്ച്.ജി ഫെഡറേഷന്റെയും ആഭിമുഖ്യത്തിൽ നിർധനരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. തിരുവല്ല മുൻസിപ്പൽ ചെയർപേഴ്സൺ റഹ്മത്ത് നൗഷാദ് പരിപാടി ഉദ്ഘാടനം ചെയ്തു.

പാലക്കാട്: എച്ച്.ഐ.വി. അണുബാധിതരുടെ കൂട്ടായ്മയായ സ്നേഹസാന്ത്വനത്തിലെ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. ഇസാഫ് പ്രോഗ്രാംസ് ഡയറക്ടർ ജേക്കബ് സാമുവൽ പരിപാടി ഉദ്ഘാടനം ചെയ്തു.

## ഇസാഫിൽ 10 വർഷം പൂർത്തിയാക്കിയ ജീവനക്കാർ

| | |
|---|---|
| **ഷെർളി ബെന്നി** | കേരള ഓപ്പറേഷൻസ് |
| **ഷെർളി ഡേവിസ്** | ഫിനാൻസ് |
| **സംഗീത ടി. ജോർജ്ജ്** | എസ്.എച്ച്.ജി. ഫെഡറേഷൻ |
| **അന്നക്കുട്ടി പത്രോസ്** | അഡ്മിനിസ്ട്രേഷൻ |
| **ജോജി കോശി വർഗ്ഗീസ്** | ഇ.എസ്.പി.സി.എൽ |
| **സോയി കെ. ഏലിയാസ്** | ഇന്റേണൽ ഓഡിറ്റ് |
| **സെന്ന സേവ്യർ** | എം.ഡി. സെക്രട്ടേറിയറ്റ് |
| **വസന്ത സുന്ദരൻ** | ബ്രാഞ്ച് മാനേജർ |
| **സൂസൻ കെ.പി** | ബ്രാഞ്ച് മാനേജർ |

# ഇസാഫ് ഓൾ ഇന്ത്യ മാനേജേഴ്സ് കോൺഫറൻസ് 2013



*കെ. പോൾ തോമസ് സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു*

ആലുവ: ഇസാഫ് ഓൾ ഇന്ത്യ മാനേജേഴ്സ് കോൺഫറൻസ് ആലുവ ശാന്തിഗിരി ആശ്രമത്തിൽ വെച്ച് സംഘടിപ്പിച്ചു. ത്രിദിന സമ്മേളനത്തിൽ കേരളം, തമിഴ്നാട്, മഹാരാഷ്ട്ര, മദ്ധ്യപ്രദേശ്, ചത്തീസ്ഗഢ്, ജാർഖണ്ട് എന്നീ സംസ്ഥാനങ്ങളിൽ നിന്ന് 250-ലധികം മാനേജർമാർ പങ്കെടുത്തു. സമ്മേളനത്തിൽ ഇസാഫ് മൈക്രോഫിനാൻസ് മാനേജിങ്ങ് ഡയറക്ടർ കെ.പോൾ തോമസ് ഇസാഫ് മൈക്രോഫിനാൻസിന്റെ പരിഷ്കരിച്ച ദർശനവും ലക്ഷ്യവും പ്രഖ്യാപിച്ചു. ഇസാഫിന്റെ 20-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച കലാകായികമത്സരങ്ങളിലെ വിജയികൾ, ദേശീയ പെൻഷൻ പദ്ധതി, എസ്.ബി.ഐ. ലൈഫ് ഇൻഷുറൻസ് എന്നിവയിൽ മികച്ച പ്രകടനം കാഴ്ചവെച്ചവർ എന്നിവർക്കും മികച്ച ഏരിയ, ബ്രാഞ്ച് എന്നിവയ്ക്കുമുള്ള അവാർഡുകൾ സമാപനസമ്മേളനത്തിൽ വിതരണം ചെയ്തു. ഇസാഫിന്റെ പ്രവർത്തനങ്ങളിൽ 10 വർഷം പിന്നിട്ട ജീവനക്കാരെയും ചടങ്ങിൽ കെ.പോൾ തോമസ് അനുമോദിച്ചു.



*അഖിലേന്ത്യ തലത്തിൽ മികച്ച ബ്രാഞ്ച് ആയി തെരെഞ്ഞെടുക്കപ്പെട്ട കൊളച്ചൽ ബ്രാഞ്ചിന്റെ മാനേജർ വിനോകുമാർ അവാർഡുകളുമായി. കെ.പോൾ തോമസ്, ഡി.ജി.എം, കേരള ഓപ്പറേഷൻസ് സൈബു.കെ.എ, ഏരിയ മാനേജർ അജിമോൻ എൽ. എന്നിവർ സമീപം*

### ഇസാഫ് ഓൾ ഇന്ത്യ മാനേജേഴ്സ് കോൺഫറൻസ് കലാപരിപാടികളിലൂടെ..







